**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തിരുവനന്തപുരം കോർപ്പറേഷനിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ഗിരിജ.എസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒഎ-1850/2019 നമ്പർ കേസിലെ 25.09.2019 ലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2473/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 06.11.2019

പരാമർശം :

1. നഗരകാര്യ ഡയറക്ടറുടെ 05.09.2019 തീയതിയിലെ ഇ 5/14751/2018 നമ്പർ ഉത്തരവ്
2. ശ്രീമതി.ഗിരിജ.എസ് സർക്കാരിൽ സമർപ്പിച്ച 17.9.2019 തീയതിയിലെ നിവേദനം (അനക്ഷർ A6)
3. ശ്രീമതി. ഗിരിജ എസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1850/2019 നമ്പർ കേസിലെ 25.09.2019 തീയതിയിലെ വിധിന്യായം
4. നഗരകാര്യഡയറക്ടറുടെ 23.10.2019 തീയതിയിലെ ഇ 5-19574/19 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ തിരുവനന്തപുരം കോർപ്പറേഷനിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. ഗിരിജ എസ് -നെ സൂചന 1 ഉത്തരവ് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഗുരുവായൂർ നഗരസഭയിൽ നിയമിക്കുകയുണ്ടായി. ടി ഉത്തരവിനെതിരെ ശ്രീമതി.ഗിരിജ എസ്. ബഹു.കേരള അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1850/2019 നമ്പർ കേസിലെ പരാമർശം 3 ഉത്തരവുപ്രകാരം അപേക്ഷക സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അനക്ഷർ A6 നിവേദനം സർക്കാർ പരിശോധിച്ച് 6 ആഴ്ചക്കുള്ളിലോ, തിരുവനന്തപുരം കോർപ്പറേഷനിലെ ഇനി വരുന്ന ഒഴിവ് നികത്തുന്നതിനുമുൻപോ ടിയാളെ കേട്ടതിനുശേഷം തീരുമാനമെടുക്കണമെന്ന് ഉത്തരവായിരുന്നു.

2. ശ്രീമതി.ഗിരിജ എസ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അനക്ഷർ A6 നിവേദനം പ്രകാരം, ടിയാളുടെ ഭർത്താവ് 24.01.2019-ൽ ഒരു വാഹനഅപകടത്തിൽ മരണപ്പെട്ടുവെന്നും, ടിയാളുടെ മൂത്ത മകൾ പ്ലസ്-1 നും ഇളയ മകൻ 7-ാം ക്ലാസിലും തിരുവനന്തപുരത്ത് പഠിക്കുന്നതായും ടിയാൾ പട്ടികജാതി സമുദായത്തിൽപെട്ട

അംഗമാണ് എന്നും അനാഥയായിരുന്ന ടിയാളെ ദത്ത് എടുത്ത് വളർത്തിയതാണ് എന്നും അറിയിച്ചിരുന്നു. ടിയാളുടെയും മക്കളുടേയും കാര്യം നോക്കാൻ ടിയാളല്ലാതെ മറ്റാരും ഇല്ലാത്തതാണ് എന്നും സ്വന്തമായി വീടില്ലാത്ത ടിയാൾ ഒരു വാടകവീട്ടിലാണ് താമസിക്കുന്നത് എന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കാൻ സാധ്യത ഉണ്ടെന്ന് അറിഞ്ഞപ്പോൾ തിരുവനന്തപുരം കോർപ്പറേഷനിൽ നിലവിലുള്ള 2 ഒഴിവുകളിൽ ഒന്നിൽ നിയമിക്കണമെന്ന് കാണിച്ച് നഗരകാര്യവകുപ്പ് ഡയറക്ടർക്ക് അപേക്ഷ നൽകിയെങ്കിലും ടി. രണ്ട് ഒഴിവുകളും ജനറൽ ട്രാൻസ്ഫറിനുവേണ്ടി തയ്യാറാക്കിയ ക്യൂ ലിസ്റ്റിൽ നിന്നും നികത്തിയിട്ടുള്ളതാണ്. മൂന്നാമത് ഒരു ഒഴിവുകൂടി ട്രാൻസ്ഫർ ലിസ്ററ് മുഖാന്തിരം വന്നെങ്കിലും ആയതും ക്യൂ ലിസ്റ്റിൽ നിന്നും നികത്തിയിട്ടുള്ളതാണ്. പട്ടികജാതിസമുദായത്തിൽപെട്ടതും വിധവയും മററാരുടെയും ആശ്രയമില്ലാതെയും ജീവിക്കുന്ന ടിയാൾക്കാണ് തിരുവനന്തപുരം കോർപ്പറേഷനിൽ സ്ഥലം മാറ്റം ലഭിക്കുവാൻ അർഹതയുള്ളത് എന്നും ടിയാൾ രേഖപ്പെടുത്തിയിട്ടുണ്ട്. ടിയാളുടെ വരുമാനം കൊണ്ടാണ് രണ്ട് കുട്ടികളെയും വളർത്തി പഠിപ്പിച്ചുവരുന്നത് എന്നും തിരുവനന്തപുരം കോർപ്പറേഷനിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ .ഗണേശ് കുമാർ ഒക്ടോബർ മാസത്തിൽ പ്രൊമോഷനാകുമ്പോൾ വരുന്ന ഒഴിവിൽ ടിയാളെ നിയമിച്ച് ഉത്തരവായി ടിയാളെയും കുടുംബത്തെയും സഹായിക്കണമെന്നും അതുവരെ വർക്കിംഗ് അറേഞ്ച്മെന്റിലോ ഗുരുവായൂരിൽ നിന്നുള്ള ടിയാളിന്റെ ലീൻ തിരുവനന്തപുരത്തേക്ക് മാറ്റിയോ ടിയാളെ തിരുവനന്തപുരത്തുതന്നെ നിലനിർത്തണമെന്നും അപേക്ഷിച്ചിരുന്നു.

3. ബഹു.കേരള അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീമതി.ഗിരിജ എസ് ഫയൽ ചെയ്ത OA 1850/2019 നമ്പർ കേസിലെ 25.09.2019 തീയതിയിലെ ഉത്തരവിലെ നിർദ്ദേശപ്രകാരം, 24.10.2019 ന് രാവിലെ 11.30 ന് തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർസെക്രട്ടറി ടിയാളെ നേരിൽകേട്ടിരുന്നു. നേരിൽകേട്ട സമയത്ത് നിവേദനത്തിലെ വാദങ്ങൾ തന്നെ അപേക്ഷക ആവർത്തിക്കുകയുണ്ടായി.

4. നഗരകാര്യഡയറക്ടറുടെ പരാമർശം 4 ലെ റിപ്പോർട്ട് പ്രകാരം, തിരുവനന്തപുരം നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ 25.3.2011 മുതൽ സേവനമനുഷ്ഠിച്ചുവന്നിരുന്ന ശ്രീമതി.ഗിരിജ എസ്-ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയാണ് ഗുരുവായൂർ നഗരസഭയിൽ നിയമിച്ചിട്ടുള്ളത് എന്നും തിരുവനന്തപുരം നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ ഒഴിവുകൾ നിലനിന്നിരുന്നു എന്നും എന്നാൽ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് 25.2.2017-ലെ സ.ഉ.(പി) നം. 3/17/ഉ.ഭ.പ.വ -ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിലെ ക്ലാസ് 10 (viii)പ്രകാരം സ്ഥാനക്കയറ്റം വഴി നികത്തേണ്ടതായ ഒഴിവുകൾ നികത്തേണ്ടത് ആദ്യം നിലവിലുള്ള ഒഴിവുകളിലേയ്ക്ക് ജീവനക്കാരെ സ്ഥലംമാറ്റിക്കൊണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നും ആയതുപ്രകാരം മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരകാര്യവകുപ്പ് ഡയറക്ടറുടെ 29.7.2019-ലെ ഇ 6/2378/19 നമ്പർ ഉത്തരവ് പ്രകാരം തയ്യാറാക്കിയ ക്യൂ ലിസ്റ്റ് മുഖേന ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകിയ ശേഷം തുടർന്നുവന്ന ഒഴിവിൽ പൊതുസ്ഥലംമാറ്റം സംബന്ധിച്ച സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിലെ clause II(1)(13)-ലെ പ്രത്യേകമുൻഗണന നൽകിയാണ്

ശ്രീമതി.ഗിരിജ എസ്-ന് ഉദ്യോഗക്കയററം നൽകി ഗുരുവായൂർ നഗരസഭയിൽ നിയമിച്ചിട്ടുള്ളത് എന്നും അറിയിക്കുകയുണ്ടായി. നിലവിലുള്ള പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായുള്ള ക്ലസ്റററിൽ തിരുവനന്തപുരം നഗരസഭയിലേയ്ക്ക് 20 ജീവനക്കാർ അവശേഷിക്കുന്നുണ്ട് എന്നും ടി. ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകി കഴിയുന്ന മുറയ്ക്ക് മാത്രമേ ശ്രീമതി. ഗിരിജ എസ്-ന് നിലവിലുള്ള മാനദണ്ഡപ്രകാരം സ്ഥലംമാറ്റം നൽകുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമുള്ളു എന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ചു. ആയതിൻപ്രകാരം നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ഗിരിജ എസ്- ന്റെ അപേക്ഷ നിലവിൽ പരിഗണിക്കുവാനാകുന്നതല്ല. മേൽ സാഹചര്യത്തിൽ ശ്രീമതി.ഗിരിജ.എസ് സർക്കാരിൽ സമർപ്പിച്ച അനക്ഷർ-എ 6 നിവേദനം പരിഗണനാർഹമല്ലായെന്ന് കണ്ട് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 25.09.2019 ലെ ഉത്തരവിലെ നിർദ്ദേശം മേൽപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ജയ്സി പോൾ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീമതി. ഗിരിജ എസ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ,തിരുവനന്തപുരം കോർപ്പറേഷൻ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ